
**വനം മന്ത്രിയുടെ കുടുംബമൃഗം തന്നെ ആനയാണ്. ആനയെവിട്ടുള്ള ഒരു കളിയുമില്ല. കാട്ടിലെ ആനയെയും തേവരുടെ ആനയെയും ഒന്നിച്ചു ഭരിക്കാമെന്നു കണ്ടിട്ടാണ് ആന ഉടമസ്ഥ സംഘത്തിന്റെ നേതാവ് കൂടിയായ ഗണേശൻ ഇത്തവണ വനംവകുപ്പ് ചോദിച്ചു വാങ്ങിയത്. വനംമന്ത്രി ഗണേശ്കുമാറിന്റെ ചെയ്തികൾ വിലയിരുത്തുന്നു എസ്. നാരായണൻ**

# ഗണേശൻ എന്ന ഗണേശൻ

**സ്കൂളിൽ** പഠിക്കുന്ന കുട്ടികൾ കളിക്കുന്ന ഒരു തരം കളിയുണ്ട്. ഒരു കുട്ടിയെ മറ്റുള്ളവർ പിടിച്ചു നിർത്തി അവന്റെ മുഖത്തിന്റെ ഒരു ഭാഗം നോക്കിയിട്ട് പറയും, "ഈ ഭാഗത്തു നിന്ന് നോക്കിയാൽ ഇവന് ശിവാജി ഗണേശന്റെ ഛായയാണ്!" അപ്പുറത്തെ ഭാഗം നോക്കിയിട്ട്, "ഇവിടെ നോക്കിയാൽ ജെമിനി ഗണേശന്റെ ഛായ!" സന്തോഷം കൊണ്ട് തെളിഞ്ഞു നിൽക്കുന്ന അവനെ നേരെ നിർത്തിയിട്ട് എല്ലാവരും ചേർന്ന് പറയും, "പക്ഷേ നേരെ നോക്കിയാൽ ...... ഗണേശൻ!" ഇതോടെ എല്ലാവരും ആർത്തുചിരിക്കും. (നിയമസഭാ സാമാജികർക്ക് മാത്രമായി ഇറക്കുന്ന പ്രസിദ്ധീകരണമല്ലാത്തതിനാൽ ആ പദം അച്ചടിക്കുന്നില്ല.) ഈ കളി മനസ്സിലേക്ക് കൊണ്ടുവന്നത് മന്ത്രിസഭയിലെ ഗണേശന്മാരിൽ ഒരാളായ, പിള്ളത്തൊട്ടിലിൽ നിന്നും നേരെ മന്ത്രിക്കുപ്പായത്തിൽ കയറിപ്പറ്റിയ കുമാരഗണേശന്റെ ആഭാസപ്രസംഗവും അതിനെത്തുടർന്നുള്ള മാപ്പിരക്കലുമാണ്. എന്തായാലും പിള്ളയ്ക്ക് പിറന്നത് ചാപിള്ളയല്ലെന്ന് ജനത്തിന് മനസ്സിലാക്കാനായതാണ് ഇതിന്റെ മെച്ചം. മത്തൻ കുത്തിയാൽ കുമ്പളം മുളക്കുമോ?

സീരിയൽ–സിനിമാ നടനായ ഗണേശന്റെ മുഖവും രാഷ്ട്രീയക്കാരനായ ഗണേശന്റെ മുഖവും ജനങ്ങൾക്ക് അറിയുന്നതാണ്. മന്ത്രിയായതിനു ശേഷം നേരിട്ടുള്ള മുഖം കാണേണ്ടി വന്നപ്പോഴാണ് കുട്ടികളുടെ കളിയിലെ അവസാന പ്രയോഗം നടത്തേണ്ടി വരുന്നത്. പ്രസംഗത്തിൽ വിഎസ്സിനെ പരാമർശിക്കേണ്ടി വന്നപ്പോൾ പ്രതികരണം ഇത്ര കടുത്തതായിരിക്കുമെന്ന് തീരെ പ്രതീക്ഷിച്ചില്ല. ആനവായിൽ അച്ചുതാനന്ദൻ വെറും അമ്പഴങ്ങ എന്നേ കരുതിയുള്ളൂ. വി എസ് അച്ചുതാനന്ദനെപ്പോലെയുള്ള ഒരു നേതാവിനെ കാമഭ്രാന്തൻ എന്നും ഞരമ്പുരോഗിയെന്നും ആക്ഷേപിച്ച് പത്തനാപുരത്ത് മൈക്കിനു മുന്നിൽ നിന്ന് അഴിഞ്ഞാടിയതിൽ ജനത്തിന് ഒട്ടും അമ്പരക്കേണ്ട കാര്യമില്ല. വനം വകുപ്പിലെ ഒരു ഉദ്യോ



ഗുരുവായൂർ ദേവസ്വത്തിന്റെ പുന്നത്തൂർക്കോട്ടയിലെ ആനത്താവളത്തിൽ ചങ്ങല കാലിലെ വ്യണത്തിലൂടെ ആഴ്ന്നിറങ്ങി കഴിയുന്ന നവനീത്കൃഷ്ണൻ എന്ന ആന

ഗസ്ഥനെ, ഇദ്ദേഹം വനം വകുപ്പ് കയ്യാളിയ ഉടനെ സ്ഥലം മാറ്റിയ കാര്യമറിഞ്ഞാൽ ഇതെല്ലാം വളരെ നിസാരമെന്ന് മനസിലാകും. ഗുരുവായൂർ ദേവസ്വത്തിന്റെ ആനകളെ പാർപ്പിക്കുന്ന പുന്നത്തൂർ കോട്ട സന്ദർശിച്ച ആ ഉദ്യോഗസ്ഥൻ അവിടത്തെ കരളലിയിക്കുന്ന കാഴ്ച കണ്ട് പ്രതികരിച്ചതാണ് പ്രശ്നമായത്. വ്യണം വന്ന പിൻകാലിൽ കെട്ടിയ ഇരുമ്പ് ചങ്ങല മാംസത്തിനകത്തേക്ക് ആഴ്ന്നു പോയിരിക്കുന്ന കാഴ്ചയാണ് അദ്ദേഹത്തിന് അവിടെ ഏറ്റവും അസഹനീയമായി തോന്നിയത്. 'ഇതിനെതിരെ നടപടിയെടുക്കും' എന്നു പറഞ്ഞ് മടങ്ങിയ അദ്ദേഹത്തിന് തൊട്ടുപിറകെ ഭീഷണിയെത്തി. ദേവസ്വം അധികാരികൾ വിവരം തിരുവനന്തപുരത്തേക്ക് അറിയിച്ചതിന്റെ ഫലമായിരുന്നു അത്. 'വലിയ കാര്യങ്ങളിലൊന്നും തലയിടണ്ട, ഹിന്ദുക്കളുടെ കാര്യം നോക്കാൻ താനാരാ?' എന്ന മട്ടിലായിരുന്നു തീട്ടൂരം. വൈകാതെ തന്നെ സ്ഥലം മാറ്റവും കിട്ടി. ആനയുടെ കാലിൽ ആഴ്ന്നിറങ്ങിയ ചങ്ങല ഏതാനും പാപ്പാന്മാർ ചേർന്ന് രാത്രിയിൽ തന്നെ മാറ്റി. വെട്ടുകത്തികൊണ്ട് പച്ചമാംസത്തിൽ നിന്ന് വെട്ടിയെടുക്കുന്ന കൊടുംക്രൂരതയാണ് അവിടെ നടന്നത്. പുറംലോകവും മാധ്യമങ്ങളും അറിയാതിരിക്കാനായിരുന്നു ഡോക്ടർമാരെ വിളിക്കാതിരുന്നത്.

**ഗുരുവായൂർ ദേവസ്വത്തിന്റെ ആനകളെ പാർപ്പിക്കുന്ന പുന്നത്തൂർ കോട്ട സന്ദർശിച്ച വനം വകുപ്പ് ഉദ്യോഗസ്ഥൻ വ്യണം വന്ന പിൻകാലിൽ കെട്ടിയ ഇരുമ്പ് ചങ്ങല മാംസത്തിനകത്തേക്ക് ആഴ്ന്നു പോയിരിക്കുന്ന ആനയുടെ കാഴ്ച കണ്ട് പ്രതികരിച്ചു. 'ഇതിനെതിരെ നടപടിയെടുക്കും' എന്നു പറഞ്ഞ് മടങ്ങിയ അദ്ദേഹത്തിന് തൊട്ടുപിറകെ ഭീഷണിയെത്തി. 'വലിയ കാര്യങ്ങളിലൊന്നും തലയിടണ്ട, ഹിന്ദുക്കളുടെ കാര്യം നോക്കാൻ താനാരാ?' എന്ന മട്ടിലായിരുന്നു തീട്ടൂരം. വൈകാതെ സ്ഥലം മാറ്റവും കിട്ടി**

ആനകൾക്ക് വേണ്ടി വാദിക്കുകയും ആനപീഢകർക്കെതിരെ നിലകൊള്ളുകയും ചെയ്യുന്ന തൃശൂരിലെ വെങ്കിടാചലത്തേയും ആനപ്രേമിസംഘം എന്ന പ്രസ്ഥാനത്തെയും പറ്റി തൃശൂരിൽ നടത്തിയ ഒരു പത്രസമ്മേളനത്തിൽ ഗണേശൻ പറഞ്ഞു. ''അടുത്ത മന്ത്രിസഭയിൽ ഞാനുണ്ടെങ്കിൽ അതിനടുത്ത ദിവസം ഇങ്ങനെയൊരു പ്രസ്ഥാനം ഇവിടെയുണ്ടാകില്ല''. ഇത്തരത്തിൽ ധാർഷ്ട്യവും മണ്ടത്തരവും നിറഞ്ഞ പ്രസ്താവനയിറക്കാൻ മാത്രം ഗണേശനായ ഗണേശനെയാണ് ഉമ്മൻചാണ്ടി തന്റെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തിണ്ണമിടുക്ക് കാണിക്കാൻ മാത്രം അറിയുന്ന ഒരു മാടമ്പിയുടെ സംസ്കാരം ഉള്ള കാരണം മുഖ്യമന്ത്രിക്ക് ഒരു മാപ്പിരക്കൽ വകുപ്പ് കൂടി ഉടൻ തുടങ്ങേണ്ടിവരും.

പരിശീലനം പൂർത്തിയാക്കിയ ഫോറസ്റ്റ് ഗാർഡുമാരുടെ പാസിങ് ഔട്ട് പരേഡിൽ പങ്കെടുത്ത് വനം മന്ത്രി നടത്തിയ പ്രസംഗം അൽപ്പത്തത്തിനും അധികാരഭ്രാന്തിനും എവിടം വരെ പോകാം എന്നതിന് ദൃഷ്ടാന്തമാണ്. വനം വകുപ്പിലെ ഉന്നതോദ്യോഗസ്ഥർ ഇരിക്കുന്ന വേദിയിൽ വെച്ച് മന്ത്രി പറഞ്ഞു, "ചിലർക്കൊക്കെ ഒരു വിചാരമുണ്ട്, വലിയ പദവിയിലെത്തിയാൽ എന്തുമാകാമെന്ന്. ആനപ്പുറത്തിരിക്കുകയാണെന്നാണ് ഇവരുടെയൊക്കെ വിചാരം. ജനപ്രതിനിധികളെയടക്കം മാനിക്കേണ്ടവരെയൊന്നും മാനിക്കുന്നില്ല. വനം മന്ത്രിയെ സല്യൂട്ട് ചെയ്യാനൊക്കെ ചിലർക്ക് മടി. അതൊക്കെ മാറ്റിയെടുക്കും."

എന്തായാലും പത്തനാപുരം പ്രസംഗം മന്ത്രിഗണേശന് മാത്രമല്ല, മന്ത്രിസഭയ്ക്കാകെ നാറ്റമുണ്ടാക്കിയ അവസ്ഥയിലാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആ പ്രസംഗത്തെ ചൊല്ലി സമസ്താപരാധം ഏറ്റു പറഞ്ഞ് കേരളീയരോടാകെ മാപ്പിരന്നത്. കൊമ്പൻ പോയ വഴിയെ മോഴ എന്നു പറഞ്ഞ പോലെ പിന്നാലെ മന്ത്രിഗണേശന്റെ മാപ്പിരക്കലും നടന്നു. 'മാനിയാമെന്നുടെ താതനെയോർക്ക നീ' എന്ന കവിതാശകലം ഓർത്തിട്ടോ, 'പിള്ള മനസിൽ കള്ളമില്ല' എന്ന പഴഞ്ചൊല്ലോർത്തിട്ടോ എന്നറിയില്ല ചാണ്ടിജി കേരളപ്പിറവി ദിനത്തിൽ പിള്ളേച്ചനെ നൂറ്റിമുപ്പത്തെട്ട് കള്ളന്മാരുടെ അകമ്പടിയോടെ ജയിലിൽ നിന്നും തുറന്നു വിട്ടു. ചെക്കനേക്കാൾ ഭേദമായിരിക്കും മൂപ്പിലാൻ എന്നായിരുന്നിരിക്കും മുഖ്യന്റെ

കണക്കു കൂട്ടൽ. ചില ഡാം സൈറ്റുകളിലെ കോൺക്രീറ്റ് മിശ്രിതം കണ്ടാൽ അൽപം കട്ടു തിന്നുമെന്നുള്ള കുഴപ്പമേയുള്ളൂ ബാലഷ്ണേട്ടന്. ബാലനായ കൃഷ്ണന് വെണ്ണ കണ്ടാലും ഇതേ സ്ഥിതിയായിരുന്നുവല്ലോ.

ഒരു മാതിരി നാറ്റമൊന്നും കൂസലില്ലാതെ നേരിടുന്ന ചാണ്ടിജിക്കു പോലും മനം പിരട്ടലുണ്ടാക്കിയതിൽ വനം മന്ത്രിക്ക് അഭിമാനിക്കാൻ വകയുണ്ട്. കുഞ്ഞാലിയും കുഞ്ഞുമാണിയും ജോസപ്പ്കുഞ്ഞും ഉൾപ്പെട്ട ഒരു സംഘത്തിന്റെ തലവനാണ് കുഞ്ഞൂഞ്ഞ്. അവിടത്തെ ദുർഗന്ധത്തിന്റെ തോത് ഊഹിക്കാവുന്നതേയുള്ളൂ.

വനം മന്ത്രിയുടെ കുടുംബമൃഗം തന്നെ ആനയാണ്. ആനയെ വിട്ടുള്ള ഒരു കളിയുമില്ല. അതുകൊണ്ടാണ് ആനവണ്ടി ഉരുട്ടുന്ന വകുപ്പു തന്നെ സ്ഥിരമായി കൈകാര്യം ചെയ്തിരുന്നത്. കാട്ടിലെ ആനയെയും തേവരുടെ ആനയെയും ഒന്നിച്ചു ഭരിക്കാമെന്നു കണ്ടിട്ടാണ് ഇത്തവണ വനം വകുപ്പു തന്നെ ചോദിച്ചു വാങ്ങിയത്. കാട്ടിലാണെങ്കിൽ ഇഷ്ടം പോലെ തടി. 'കാട്ടിലെ തടി, തേവരുടെ ആന, വലിയെടാ വലി' എന്ന് ഈണത്തിൽ ചൊല്ലി രസിക്കുകയുമാവാം. ഇതൊക്കെയാണെങ്കിലും ആനയിൽ നിന്ന് അതിന്റെ തലയെടുപ്പോ, ഗജരാജവിരാജിത മന്ദഗതിയോ ഒന്നും തന്നെ കുടുംബത്തിലേക്ക് സ്വാംശീകരിക്കാനായിട്ടില്ല.

ഓരോ ചെയ്തികളും പ്രസംഗമേളകളും കഴിയുമ്പോൾ, 'ആന കരിമ്പിൻ തോട്ടത്തിൽ കയറിയ പോലെ' എന്ന് ആളുകളെക്കൊണ്ട് പറയിക്കുന്നതിൽ മാത്രം ഒതുങ്ങുന്നു ആനയുമായുള്ള സാംസ്കാരിക ബന്ധം. ഗജപോക്കിരി എന്നു പലരും വിളിക്കുന്നത് ഒട്ടും കാര്യമാക്കുന്നുമില്ല. ഇതുകൊണ്ടൊക്കെയായിരിക്കണം തൃശൂരിലെ ആന ഉടമസ്ഥസംഘം 'ജനനായകന് സ്വാഗതം' എന്നെഴുതിയ പോസ്റ്ററുകളിൽ കറുത്ത ഷർട്ടിട്ട് ആനയെപ്പോലെ നടന്നു വരുന്ന മന്ത്രിയുടെ ചിത്രം അടിച്ചു ചേർത്ത് നാടുനീളെ പതിച്ചത്. നാട്ടാന




**സ്വന്തം മകളെ സ്വന്തം പിതാവ് തന്നെ പീഡിപ്പിക്കുന്ന വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്ന ഈ കാലത്തിന് തീർത്തും അനുയോജ്യമാണ് ആനപീഢക സംഘത്തിന്റെ നേതാവിന് തന്നെ മന്ത്രിസ്ഥാനം കൊടുത്തുകൊണ്ടുള്ള ഈ അരിയിട്ടുവാഴ്ച**

പരിപാലന നിയമത്തെപ്പറ്റിയുള്ള ചർച്ചകൾ നടക്കുമ്പോൾ 'ഇനിയിവിടെ കഴുതകളെ നിർത്തിയാണോ ഉത്സവം നടത്താൻ പോകുന്നത്? 'എന്ന് കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ആനപീഢക സംഘത്തിന് വേണ്ടി പരസ്യമായി പ്രസംഗിച്ച ആളാണ് ഗണേശൻ. അതേ ദേഹം തന്നെ ആനകൾ ഉൾപ്പെടുന്ന വനംവകുപ്പിന്റെ മന്ത്രിയായിരിക്കുകയാണ്. കള്ളന്റെ കൈയിൽ താക്കോൽ എൽപ്പിക്കുക എന്നൊക്കെ കേട്ടിട്ടല്ലേ ഉള്ളൂ.

സ്വന്തം മകളെ സ്വന്തം പിതാവ് തന്നെ പീഡിപ്പിക്കുന്ന വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്ന ഈ കാലത്തിന് തീർത്തും അനുയോജ്യമാണ് ആനപീഡക സംഘത്തിന്റെ നേതാവിന് തന്നെ മന്ത്രിസ്ഥാനം കൊടുത്തുകൊണ്ടുള്ള ഈ അരിയിട്ടുവാഴ്ച.

പ്രശസ്ത ബംഗാളി എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ മഹാശ്വേതാദേവിയുടെ ഒരു കഥയുടെ തലക്കെട്ട് 'എത്തോവ മുണ്ട വിദ്യ പഠിച്ചു' എന്നാണ്. എത്തോവ മുണ്ട എന്ന ആദിവാസി ബാലൻ തന്റെ പരിസരപ്രദേശങ്ങളിൽ നിന്നും കൊച്ചുകൊച്ചു അനുഭവങ്ങളിൽ നിന്നും വിദ്യ സ്വായത്തമാക്കുന്നതാണ് ആ കഥയിലെ പ്രമേയം. ഗണേശൻ, തൊടിയിൽ പശുക്കളെപ്പോലെ ആനകൾ മേഞ്ഞു നടക്കുന്ന വീട്ടിലാണ് ജനിച്ചത്. ജന്മിയും മാടമ്പിയും വട്ടിപ്പലിശക്കാരനുമായ കീഴൂട്ട് രാമൻ പിള്ളയുടെ കൊച്ചു മകനാണ്. ജയിലിൽ പിടിച്ചിട്ടാലും വെളിയിലിറക്കി വിട്ടാലും കേരളം മുഴുവൻ മുക്രയിട്ടു നടക്കുന്ന ഉഗ്രപ്രതാപിയും താപ്പാനയുമായ പിതാവ് ജീവിച്ചിരിക്കുന്നു. അങ്ങനെയുള്ള താൻ ഒരു വെറും തയ്യൽക്കാരനെ നാലു ചീത്ത പറഞ്ഞതിന്റെ പേരിൽ സംസ്ഥാനത്ത് എന്തൊരു ഗുലുമാലുകളാണ് നടക്കുന്നത്. അതൊന്നടങ്ങാൻ വേണ്ടി മുഖ്യമന്ത്രിക്കു വരെ ജനങ്ങളോട് മാപ്പ് പറയേണ്ടി വരിക! എന്തൊരു സ്ഥിതിവിശേഷമാണിത്! അച്ഛൻ ജയിലിലായാൽ മാത്രം മന്ത്രിയാകാൻ യോഗമുള്ള മകനായ തനിക്ക് ഒരു പഴഞ്ചൻ തയ്യൽക്കാരന്റെ മുന്നിൽ മുട്ടു മടക്കേണ്ടി വന്നത് എന്തുകൊണ്ടാണെന്ന് ഗണേശൻ മനസിലാക്കുന്ന കാലത്ത് നമുക്കും മഹാശ്വേതാദേവിയെപ്പോലെ പറയാം, 'പിള്ളയുടെ പിള്ള രാഷ്ട്രീയം പഠിച്ചു.'

ഇതൊന്നും നടന്നില്ലെങ്കിലും പിള്ളേച്ചന് അന്ത്യവേളയിൽ, പത്തനാപുരത്ത് മകൻ നടത്തിയ വാണീവിലാസത്തിന്റെ പേരിൽ, മനഃസമാധാനത്തോടെ കണ്ണടക്കാം.

"നീ മറഞ്ഞാലും തിരയടിക്കും
നീലക്കുയിലേ നിൻ ഗാനമെന്നും."